"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 - പാലക്കാട് ജില്ല — ആലത്തൂർ താലൂക്ക് - അപകട ഭീഷണി നിലനിൽക്കുന്ന സ്ഥലത്തുനിന്നും 3 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ.(സാധാ) നം.3098/2023/RD    തീയതി,തിരുവനന്തപുരം, 23-08-2023

---

പരാമർശം:- 1. 19.08.2019 തീയതിയിലെ സ.ഉ. (സാധാ) നം.520/2019/ഡിഎംഡി

2. 23.08.2019 തീയതിയിലെ സ.ഉ.(കൈ) നം.25/2019/ദു.നി.വ.

3. 05.11.2022 തീയതിയിലെ സ.ഉ.(സാധാ) നം.813/2022/ഡിഎംഡി

**ഉത്തരവ്**

സംസ്ഥാന വ്യാപകമായി ധാരാളം ഉരുൾപൊട്ടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത്തരം മേഖലകളിൽ നിന്നും മുൻ കരുതൽ എന്ന നിലയിൽ പൊതുജനങ്ങളെ ഒഴിപ്പിച്ച് മാറ്റി പാർപ്പിക്കുന്നതിനായി പ്രസ്തുത മേഖലകൾ കണ്ടെത്താൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന വ്യാപകമായി 49 ടീമുകളെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പാലക്കാട് ജില്ലയിലെ ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന പ്രദേശമായ ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി 2 വില്ലേജ് പരിധിയിൽ താമസിച്ചുവരുന്ന 1). ശ്രീ. ബ്ലസ്സൻ ജോസഫ്, കാരംകന്നേൽ, വി.ആർ.ടി, കരിങ്കയം. പി.ഒ, ഓടംതോട് 2). ശ്രീ. വിജയകുമാർ, വെളിയിൽ വീട്, ഓടംതോട്, 3 ) . ശ്രീമതി. ലത പാപ്പച്ചൻ പുളിയാനശ്ശേരിയിൽ, ഓടംതോട് **എന്നിവരെ അപകടഭീഷണിയുള്ള സ്ഥലത്തുനിന്നും സ്ഥിരമായി മാറ്റിപ്പാർപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി ഇവർക്ക് സ്ഥലം വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും** 6 ലക്ഷം രൂപയും വീട് വെയ്ക്കുന്നതിനായി 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന 4 ലക്ഷം

രൂപയിൽ നിന്നും പരാമർശം (3) പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മലയോര പ്രദേശങ്ങളിലെ വീടുകൾക്ക് അനുവദിക്കുന്ന 1,01,900/- രൂപ കിഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന 2,98,100/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയും സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയും ചേർത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു കുടുംബത്തിന് 8,98,100/- എന്ന കണക്കിൽ ആലത്തൂർ താലൂക്കിൽ പാലക്കയം വില്ലേജിൽ 1).ശ്രീ. ബ്ലസ്സൻ ജോസഫ്, 2). ശ്രീ. വിജയകുമാർ, 3). ശ്രീമതി. ലത പാപ്പച്ചൻ എന്നവർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും, 3 കുടുംബങ്ങൾക്കായി ആകെ **26,94,300/- രൂപ (ഇരുപത്തി ആറ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ് രൂപ മാത്രം)** പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകാവുന്നതാണ്.

4. വിതരണത്തിനാവശ്യമായിവരുന്ന 26,94,300/-രൂപ **(ഇരുപത്തി ആറ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

ദുരന്ത നിവാരണ (എ, ബി ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Rakesh Paul
Date: 23-08-2023 11:45:05
സെക്ഷൻ ഓഫീസർ